ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

TIME: 06.30 PM DATE: 04-08-2026

## പ്രധാനവാർത്തകൾ

1) കേരളത്തിൽ അതിതീവ്ര മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. എട്ട് ജില്ലകളിൽ ചുവപ്പ് ജാഗ്രത പ്രഖ്യാപിച്ചു. നാല് ജില്ലകളിൽ ഓറഞ്ച് ജാഗ്രത.

2) നാല് ജില്ലകളിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് നാളെ അവധി. കേരളം-കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ മറ്റന്നാൾ വരെ മത്സ്യബന്ധനത്തിന് വിലക്ക്.

3) പത്തനംതിട്ട ജില്ലയിലെ വെള്ളപ്പൊക്കബാധിത പ്രദേശങ്ങൾ സന്ദർശിച്ച് മുഖ്യമന്ത്രി വി.ഡി സതീശൻ. സംസ്ഥാനത്ത് സ്ഥിരം ദുരന്ത നിവാരണ സംവിധാനങ്ങൾ നടപ്പാക്കുമെന്ന് മുഖ്യമന്ത്രി.

4) ജനന - മരണ രജിസ്ട്രേഷൻ ഭേദഗതി ബില്ലിന് പാർലമെൻറിൻറെ അംഗീകാരം. നടപടികൾ പൂർത്തിയാക്കി ഇരുസഭകളും ഇന്നത്തേക്ക് പിരിഞ്ഞു.

5) 38 തദ്ദേശ വാർഡുകളിലെ ഉപതിരഞ്ഞെടുപ്പിനായി വോട്ടർ പട്ടികയിൽ പേര് ചേർക്കാൻ നാളെ വരെ അവസരമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ.

RNU TVPM

6) കാട്ടുപന്നികളെ വെടിവെച്ചു കൊല്ലുന്നതിന്, ഷൂട്ടർമാരുടെ പ്രവർത്തന പരിധി സംസ്ഥാനത്തുടനീളമാക്കി വിപുലീകരിച്ച് സർക്കാർ ഉത്തരവിറക്കി.

******************

## മഴ

കേരളത്തിൽ അതിതീവ്ര മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. പത്തനംതിട്ട, കോട്ടയം, ഇടുക്കി, എറണാകുളം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസറഗോഡ് എന്നീ എട്ട് ജില്ലകളിൽ ഇന്ന് ചുവപ്പ് ജാഗ്രത പ്രഖ്യാപിച്ചു. ആലപ്പുഴ, തൃശൂർ, പാലക്കാട്, മലപ്പുറം ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രതയാണ്. പത്തനംതിട്ട, ആലപ്പുഴ, കോട്ടയം ഉൾപ്പെടെ ഒമ്പത് ജില്ലകളിൽ നാളെയും, നാല് ജില്ലകളിൽ മറ്റന്നാളും ഓറഞ്ച് ജാഗ്രതയാണ്. മണ്ണിടിച്ചിലിനും, ഉരുൾപൊട്ടലിനും, മലവെള്ളപ്പാച്ചിലിനും സാധ്യതയുള്ള മേഖലകളിൽ നിന്നും ജനങ്ങൾ സുരക്ഷിത സ്ഥാനങ്ങളിലേക്ക് മാറണമെന്ന് നിർദ്ദേശമുണ്ട്. മലയോര മേഖലയിലേക്കുള്ള രാത്രി സഞ്ചാരം പൂർണമായും ഒഴിവാക്കണം. കനത്തമഴയ്ക്കുള്ള സാധ്യത കണക്കിലെടുത്ത് വയനാട്, ആലപ്പുഴ, ഇടുക്കി, കാസർഗോഡ് ജില്ലകളിലെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും നാളെ അവധി പ്രഖ്യാപിച്ചു. കേരളം - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ മറ്റന്നാൾ വരെ മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി. സംസ്ഥാനത്തെ തുറമുഖങ്ങളിൽ ജാഗ്രത തുടരണമെന്നും കേന്ദ്ര കാലാവസ്ഥ വകുപ്പ് നിർദേശം നൽകി.

RNU TVPM

******************

## മുഖ്യമന്ത്രി (ഇൻട്രോ)

പത്തനംതിട്ട ജില്ലയിലെ വെള്ളപ്പൊക്ക ബാധിത മേഖലകൾ മുഖ്യമന്ത്രി വി ഡി സതീശൻ സന്ദർശിച്ചു . ആറന്മുളയിലെയും റാന്നിയിലെയും സാഹചര്യങ്ങൾ മുഖ്യമന്ത്രി നേരിട്ട് വിലയിരുത്തി. സ്ഥിരം ദുരന്ത നിവാരണ സംവിധാനങ്ങൾ സംസ്ഥാനത്ത് നടപ്പാക്കുമെന്നും, ഇതിലെ ആദ്യ പദ്ധതി

പത്തനംതിട്ടയിൽ ആയിരിക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു. നദികളിലെ മണ്ണ്, നീക്കം ചെയ്യാൻ അടിയന്തര നടപടി ഉണ്ടാകും. ദുരിതാശ്വാസ ക്യാമ്പുകളിൽ എല്ലാ സൗകര്യങ്ങളും ഉറപ്പാക്കിയിട്ടുണ്ടെന്നും കോഴഞ്ചേരി പി.ഡബ്ലിയൂ.ഡി റസ്റ്റ് ഹൗസിൽ നടന്ന അവലോകന യോഗത്തിനുശേഷം അദ്ദേഹം പറഞ്ഞു. അധികൃതരുടെ നിർദേശ പ്രകാരം രക്ഷാപ്രവർത്തനങ്ങളുമായി ജനങ്ങൾ സഹകരിക്കണമെന്നും മുഖ്യമന്ത്രി അഭ്യർത്ഥിച്ചു.

(വോയ്സ്- മുഖ്യമന്ത്രി)

******************

<u>പത്തനംതിട്ട - മഴ (ഇൻട്രോ)</u>

പത്തനംതിട്ട ജില്ലയിൽ ശക്തമായ മഴ തുടരുകയാണ്. തിരുവല്ലയിൽ രൂക്ഷമായ വെള്ളക്കെട്ടാണ് അനുഭവപ്പെടുന്നത്. ആറന്മുള പ്രദേശങ്ങളിൽ നിന്നും വെള്ളം ഇറങ്ങുന്നുണ്ട്.

**വിശദാംശങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാപ്രതിനിധി ശ്രീജി എസ് ശ്രീധർ.......**

**(വോയിസ്)**

******************

<u>കോട്ടയം - മഴ. (ഇൻട്രോ)</u>

കോട്ടയം ജില്ലയിൽ വീണ്ടും മഴ ശക്തമായി. അയ്മനം പുത്തൻകരി പാടശേഖരത്ത് മട വീണ് 265 ഏക്കർ സ്ഥലത്തെ കൃഷി വെള്ളത്തിനടിയിലായി. നദികളിലെ ജലനിരപ്പ് കുറഞ്ഞെങ്കിലും താഴ്ന്ന പ്രദേശങ്ങളിലേക്ക് വെള്ളം കയറുന്ന സ്ഥിതിയാണ്. എം. സി റോഡിൽ ചില ഇടങ്ങളിൽ വെള്ളം കയറി.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി കോട്ടയം ജില്ലാ പ്രതിനിധി ദേവിക എസ് നായർ......**

**(വോയിസ്)**

******************

<u>ആലപ്പുഴ</u>

ആലപ്പുഴ ജില്ലയിലെ തിരുവൻവണ്ടൂരും പാണ്ടനാട്ടിലും പ്രളയ സമാനമായ സാഹചര്യമാണ്. പാണ്ടനാട് വെള്ളക്കെട്ടിൽ വീണു ഒരാൾ മരിച്ചു. ചേർത്തല അമ്പലപ്പുഴ താലൂക്കുകളിൽ

RNUTVPM

കടൽക്ഷോഭം രൂക്ഷമാണ്.തണ്ണീർമുക്കം ബണ്ട് വഴിയും തോട്ടപ്പള്ളി സ്പിൽവേ വഴിയും കടലിലേക്കുള്ള നീരൊഴുക്ക് ശക്തമായതിനാൽ ആശങ്ക വേണ്ടെന്ന് ജില്ലാ ഭരണകൂടം അറിയിച്ചു. ജില്ലയിലെ 53 ദുരിതാശ്വാസ ക്യാമ്പുകളിലായി 2,635 പേരെ മാറ്റിപ്പാർപ്പിച്ചു. ചെങ്ങന്നൂർ താലൂക്കിലാണ് ഏറ്റവും കൂടുതൽ പേർ ക്യാമ്പുകളിൽ കഴിയുന്നത്.

******************

## മഴക്കെടുതി

കണ്ണൂർ ചെറുപുഴ മീന്തുള്ളിയിൽ മഴക്കെടുതിയുമായി ബന്ധപ്പെട്ട രക്ഷാപ്രവർത്തനത്തിനിടെ ഒഴുക്കിൽപ്പെട്ട തിരുവനന്തപുരം സ്വദേശി ആർ രാജേഷിന്റെ മൃതദേഹം ലഭിച്ചു. തേജസ്വിനി പുഴയ്ക്ക് നടുവിലെ തുരുത്തിൽ നിന്നാണ് മൃതദേഹം ലഭിച്ചത്. കോഴിക്കോട് വെള്ളക്കെട്ടിൽ വീണ് ചികിത്സയിലായിരുന്ന പെരുവയൽ സ്വദേശി സുഹൈൽ മരിച്ചു.

******************

RNU TVPM

## പാർലമെന്റ്

ജനന - മരണ രജിസ്ട്രേഷൻ ഭേദഗതി ബില്ലിന് പാർലമെൻറിൻറെ അംഗീകാരം. 1969 ലെ നിയമത്തിൽ ഭേദഗതി വരുത്തുന്ന ബില്ലിന് ലോക്സഭയ്ക്ക് പുറമേ, രാജ്യസഭയും ഇന്ന് അംഗീകാരം നൽകുകയായിരുന്നു. കേന്ദ്ര ധനമന്ത്രി നിർമലാ സീതാരാമൻ അവതരിപ്പിച്ച മൂന്നാം ധനവിനിയോഗ ബിൽ ലോക്സഭ പാസാക്കി. Taxation ഭേദഗതി ബില്ലും ധനമന്ത്രി ഇന്ന് സഭയിൽ അവതരിപ്പിച്ചു. അതെസമയം, നീറ്റ് വിദ്യാർത്ഥി പ്രതിഷേധത്തിന് നേർക്കുള്ള പോലീസ് നടപടി ഉൾപ്പെടെ വിവിധ വിഷയങ്ങളിലെ പ്രതിപക്ഷ പ്രതിഷേധത്തിൽ ഇരുസഭകളിലും നടപടികൾ തടസ്സപ്പെട്ടു. സഭാനടപടികൾ പല തവണ നിർത്തിവെച്ചെങ്കിലും ബഹളം തുടർന്ന സാഹചര്യത്തിൽ ഇന്നത്തേക്ക് പിരിയുകയായിരുന്നു.

******************

## കൃഷി മന്ത്രി ടി സിദ്ദിഖ് (ഇൻട്രോ)

ആകാശവാണി തിരുവനന്തപുരം നിലയത്തിലെ വിഷ്വൽ റേഡിയോ സംവിധാനം കൃഷിമന്ത്രി ടി സിദ്ദിഖ് ഉദ്ഘാടനം ചെയ്തു. റേഡിയോ

പരിപാടികളുടെ ദൃശ്യരൂപം കൂടി ജനങ്ങൾക്കു മുന്നിൽ എത്തിക്കാൻ സഹായിക്കുന്നതാണ് ഈ സംവിധാനം. ആകാശവാണി പരിപാടികൾ യുവാക്കൾ അടക്കം കൂടുതൽ വിപുലമായ നിരയിലേക്ക് എത്തിക്കാൻ വിഷ്വൽ റേഡിയോ സഹായിക്കുമെന്ന് മന്ത്രി പറഞ്ഞു. (വോയിസ് - മന്ത്രി ടി സിദ്ദിഖ്)

******************

## വോട്ടർ പട്ടികയിൽ ഇന്നുകൂടി പേര് ചേർക്കാം

സംസ്ഥാനത്തെ 38 തദ്ദേശ സ്വയംഭരണ വാർഡുകളിലെ ഉപതിരഞ്ഞെടുപ്പിനായി വോട്ടർ പട്ടികയിൽ പേര് ചേർക്കാൻ നാളെ കൂടി അവസരമുണ്ടെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു. 2026 ജനുവരി ഒന്നിനോ അതിന് മുൻപോ 18 വയസ്സ് തികഞ്ഞവർക്ക് പട്ടികയിൽ പേര് ചേർക്കാം. sec.kerala.gov.in എന്ന വെബ്സൈറ്റിൽ ഓൺലൈനായി അപേക്ഷിക്കാവുന്നതാണ്. അന്തിമ വോട്ടർ പട്ടിക ആഗസ്റ്റ് 19ന് പ്രസിദ്ധീകരിക്കും. കരട് പട്ടിക ജൂലൈ 21ന് പ്രസിദ്ധീകരിച്ചിരുന്നു.

RNU TVPM

******************

## കാട്ടുപന്നി ശല്യം

ജനവാസ മേഖലകളിൽ ഇറങ്ങുന്ന കാട്ടുപന്നികളെ വെടിവെച്ചു കൊല്ലാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാക്കിയ ഷൂട്ടർമാരുടെ പ്രവർത്തന പരിധി സംസ്ഥാനത്തുടനീളമാക്കി വിപുലീകരിച്ച് സർക്കാർ ഉത്തരവിറക്കി. അടിയന്തര സാഹചര്യങ്ങളിൽ തദ്ദേശ സ്ഥാപന അതിർത്തികളോ, ജില്ലാ വ്യത്യാസമോ ഇല്ലാതെ ഷൂട്ടർമാരുടെ സേവനം കാര്യക്ഷമമായി വിനിയോഗിക്കാൻ ഇതോടെ സാധിക്കും. മുമ്പ് ഷൂട്ടർമാർക്ക് അതത് തദ്ദേശ ഭരണ പരിധിക്കുള്ളിൽ മാത്രമായിരുന്നു സേവനം അനുഷ്ഠിക്കാൻ അനുമതിയുണ്ടായിരുന്നത്.

******************

## അക്വാഫിറ്റ് പദ്ധതി

സ്കൂൾ വിദ്യാർഥികൾക്കായി നടപ്പാക്കുന്ന അക്വാഫിറ്റ് നീന്തൽ പരിശീലന പദ്ധതിക്ക് സംസ്ഥാനത്ത് നാളെ തുടക്കമാകും. തിരുവനന്തപുരം ജിമ്മി ജോർജ് ഇൻഡോർ സ്റ്റേഡിയത്തിൽ മന്ത്രി എൻ ഷംസുദ്ദീൻ ഉദ്ഘാടനം നിർവഹിക്കും.

സംസ്ഥാന സർക്കാരിൻറെ നൂറുദിന കർമ്മ പദ്ധതിയുടെ ഭാഗമായാണ് പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്.

*****************

## മെഗാ ട്രേഡ് ഫെയർ

സപ്ലൈകോ ഓണം മെഗാ ട്രേഡ് ഫെയറിന്റെ സംസ്ഥാനതല ഉദ്ഘാടനം ഈ മാസം എട്ടിന് മുഖ്യമന്ത്രി വി ഡി സതീശൻ എറണാകുളത്ത് നിർവഹിക്കും. കോഴിക്കോട് ബീച്ചിലും, എറണാകുളം കലൂർ സ്റ്റേഡിയം ഗ്രൗണ്ടിലും, തിരുവനന്തപുരം പുത്തരിക്കണ്ടം നായനാർ പാർക്കിലുമാണ് ഓഗസ്റ്റ് 25 വരെ മെഗാ ട്രേഡ് ഫെയർ സംഘടിപ്പിക്കുന്നത്. സ്വകാര്യ --സർക്കാർ മേഖലകളിലെ പ്രമുഖ സ്ഥാപനങ്ങളുടെ സ്റ്റാളുകളും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മറ്റു ജില്ലകളിൽ ഓഗസ്റ്റ് 14 മുതൽ 25 വരെ ജില്ലാ ഫെയറുകളും, നിയോജകമണ്ഡലങ്ങളിൽ ഓഗസ്റ്റ് 21 മുതൽ 25 വരെ പ്രത്യേക ഫെയറുകളും സപ്ലൈകോ സംഘടിപ്പിക്കും.

*****************

## ആയുഷ് സർവകലാശാല - ആരോഗ്യമന്ത്രി

സംസ്ഥാനത്ത് ആയുഷ് സർവകലാശാല സ്ഥാപിക്കാനുള്ള നടപടികൾക്ക് തുടക്കമായി. സ്വതന്ത്ര സർവകലാശാലയുടെ ബില്ലിൻറെ കരട് തയ്യാറാക്കാൻ നാലംഗ സമിതിയെ രൂപീകരിച്ച് ഉത്തരവായതായി ആരോഗ്യമന്ത്രി കെ.മുരളീധരൻ അറിയിച്ചു. കേരള ആരോഗ്യ ശാസ്ത്ര സർവകലാശാലയുടെ കീഴിലുള്ള ആയുഷ് വിദ്യാഭ്യാസ സ്ഥാപനങ്ങളെ ഒരു കുടക്കീഴിൽ കൊണ്ടുവരുന്നതിനാണ് തൃപ്പൂണിത്തുറയിലെ സ്കൂൾ ഓഫ് ഫണ്ടമെൻറൽ റിസർച്ച് ഇൻ ആയുർവേദ ആസ്ഥാനമാക്കി സർവകലാശാല സ്ഥാപിക്കുന്നത്.

*****************

**************

*****

RNU TVPM